## കത്തുകൾ

# ഖുർആൻ പാരായണം അർഥമറിഞ്ഞുതന്നെവേണം

**അർഥം** അറിയാതെയുള്ള ഖുർആൻ പാരായണം ഗുണം ചെയ്യില്ല എന്ന *മുജീബി*ന്റെ അഭിപ്രായത്തെ വിമർശിച്ചുകൊണ്ടുള്ള കത്തുകൾ കണ്ടു (ലക്കം 47). വിമർശകർക്ക് *മുജീബ്* പറഞ്ഞത് മനസ്സിലായില്ല എന്നു തോന്നുന്നു. ഓരോ അറബി വാക്കിന്റെയും അർഥം നിർബന്ധമായി അറിഞ്ഞിരിക്കണമെന്നല്ല *മുജീബ്* പറഞ്ഞത്, ഖുർആന്റെ ആശയം മനസ്സിലാക്കണമെന്നും അതിന് പരിഭാഷകൾ ലഭ്യമാണെന്നുമാണ്. കാലാകാലം ഖുർആൻ അറബിയിൽ മാത്രം ഓതുകയും അതിന്റെ ആശയം ഗ്രഹിക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്താൽ അത് മനുഷ്യനിൽ ഒരു മാറ്റവും സൃഷ്ടിക്കുകയില്ല എന്ന സന്ദേശമാണ് *മുജീബ്* നൽകിയത്.

ഖുർആന്റെ ആശയം മനസ്സിലാക്കുകയെന്ന ഖുർആൻ പഠനത്തിന്റെ മുൻഗണനാക്രമം അട്ടിമറിച്ചുകൊണ്ടുള്ള വെറും ഓത്ത് പ്രോത്സാഹിപ്പിക്കപ്പെട്ടതിന്റെ ദുരന്തമാണ് ഇന്ന് മുസ്‌ലിം സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ദേഹേഛക്കും പിശാചിനും അടിപ്പെട്ട് ജീവിച്ചുകൊണ്ടിരിക്കുന്ന സമൂഹമായി മുസ്‌ലിംകൾ മാറിയത്, ഖുർആനിൽ എന്താണ് പറയുന്നതെന്ന് അറിയാത്തതുകൊണ്ടാണ്.

"അലിഫ് ലാം റാഅ്. ഇത് നിനക്കിറക്കിയ വേദപുസ്തകമാണ്. ജനങ്ങളെ അവരുടെ നാഥന്റെ അനുമതിയോടെ ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക് നയിക്കാൻ. പ്രതാപിയും സ്തുത്യർഹനുമായവന്റെ മാർഗത്തിലേക്ക്" (14:1). "ഈ ഖുർആൻ ഏറ്റവും നേരായ വഴി കാണിച്ചുതരുന്നു" (17:9).

എന്നാൽ ഇന്നത്തെ മുസ്‌ലിംകളുടെ അവസ്ഥ കാണുമ്പോൾ എവിടെയോ തകരാറ് സംഭവിച്ചിരിക്കുന്നുവെന്ന് ഉറപ്പല്ലേ. മുസ്‌ലിം സമൂഹത്തിന്റെ എല്ലാ രംഗത്തുമുള്ള പിന്നാക്കാവസ്ഥ, ഖുർആൻ ഏറ്റവും നേരായ വഴി കാണിച്ചുതരുന്ന പടച്ചതമ്പുരാന്റെ മൊഴി അവർ ഉൾക്കൊണ്ടില്ല എന്നതിന് തെളിവല്ലേ?

ഖുർആൻ സമൂഹത്തിൽ ഉണ്ടാക്കിയ വമ്പിച്ച മാറ്റം നമുക്ക് അറിയാം. ഇന്ന് ആ മാറ്റം കാണുന്നില്ലെങ്കിൽ അല്ലാഹുവിന്റെ ഗ്രന്ഥം മനസ്സിലാക്കുന്നതിൽ കാര്യമായ പിഴവ് സംഭവിച്ചിരിക്കുന്നു എന്നാണർഥം. ഖുർആനോടുള്ള സമീപനം എങ്ങനെ ആയിരിക്കണം?


"ദൈവദൂതൻ അന്ന് പറയും. നാഥാ, എന്റെ ജനം ഈ ഖുർആനെ തീർത്തും നിരാകരിച്ചു" (25:30).

ഇന്നത്തെ മുസ്‌ലിംകളിൽ ഭൂരിഭാഗവും ഖുർആനെ നിരാകരിച്ചവരുടെ കൂട്ടത്തിലാണെന്ന് പറയാൻ പ്രയാസപ്പെടേണ്ടതില്ല. ഒരു മുസ്‌ലിമും മനഃപൂർവം ഖുർആനെ നിരാകരിക്കുന്നില്ല. ഫലത്തിൽ അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതും. ഖുർആൻ ഓതുന്നവരെ നമുക്ക് കാണാനും പറ്റുന്നുണ്ട്. അപ്പോൾ അത് മനസ്സിലാക്കി വായിക്കുന്നില്ല എന്നത് തന്നെയാണ് പ്രശ്നം.

ഖുർആൻ ഓതിയാൽ ബറകത്ത് കിട്ടുമെന്നതിൽ ആർക്കും സംശയമില്ല. എന്നാൽ അതൊന്നു മാത്രം മതി എന്നു ധരിച്ചാലോ? ചിലർ, ഖുർആൻ വെറുതെ വീട്ടിൽ വെച്ചാൽതന്നെ ബറകത്ത് കിട്ടുമെന്ന് വിചാരിക്കുന്നവരാണ്. ചിലർ കാറിൽ ഖുർആൻ വെച്ച് പൊടിപിടിപ്പിക്കുന്നതായി കാണാം. ഖുർആൻ തന്നോട് എന്താവശ്യപ്പെടുന്നു എന്ന് ഇവർക്കൊന്നും അറിഞ്ഞുകൂടാ.

അല്ലാഹുവിനോട് അനുസരണക്കേട് കാണിച്ചാൽ ഉണ്ടാകുന്ന ശിക്ഷയെക്കുറിച്ച് വായിച്ചിട്ടും ഒരാളുടെ ഹൃദയത്തിൽ ഭയം തോന്നുന്നില്ലെങ്കിൽ, അയാൾ ഖുർആൻ വായിക്കുന്നയാളാണെന്ന് പറയുന്നതിൽ പൊരുത്തക്കേടില്ലേ? പാരായണം ചെയ്യുന്നത് ഉൾക്കൊള്ളാതെ, സ്ഥിരമായി വായിച്ചുകൊണ്ടിരിക്കുന്നത് യഥാർഥ പാരായണമോ പഠനമോ അല്ല.

**കെ.എം കബീർ ആലുവ**




# ദാമ്പത്യ ജീവിതത്തിലെ പൊരുത്തക്കേടുകൾ

**ഉമ്മു** ഫാത്വിമ എഴുതിയ 'സഹധർമിണിയെ അറിയാൻ' (ലക്കം 48) എന്ന ലേഖനം ശ്രദ്ധേയമാണ്. ഇന്ന് പല കുടുംബങ്ങളിലും സ്നേഹവും കാരുണ്യവും നഷ്ടപ്പെട്ടിരിക്കുന്നു. യാന്ത്രികമായ ജീവിതം ഇമ്പമുണ്ടാക്കുന്ന കുടുംബത്തെ നഷ്ടപ്പെടുത്തുന്നു. നിസ്സാര കാര്യങ്ങൾക്കുപോലും ഉറഞ്ഞുതുള്ളുന്ന ചില ഭർത്താക്കന്മാർ ഭാര്യമാരെ യന്ത്രങ്ങളായി കാണുന്നു. വീട്ടുജോലി ചെയ്യാനും മക്കളെ പ്രസവിക്കാനും വളർത്താനുമുള്ള യന്ത്രങ്ങൾ. ഷർട്ട് തേക്കാത്തതിനോ കറിയിൽ അൽപം ഉപ്പ് കൂടിയതിനോ അവർ പൊട്ടിത്തെറിക്കുന്നു. താൻ പിടിച്ച മുയലിന് മൂന്ന് കൊമ്പെന്ന വാശിയിൽ ദാമ്പത്യജീവിതം ദുരിതക്കടലാക്കുന്നവർ. ഭാര്യമാരുടെ അസുഖങ്ങളൊന്നും അവർക്ക് പ്രശ്നമല്ല. മറ്റുള്ളവരുടെ മുമ്പിൽ ഭാര്യമാരെ ഇകഴ്ത്തി പറയുകയും ചെയ്യും.

ചില ആളുകൾ മറ്റുള്ളവരുടെ മുമ്പിൽ വളരെ മാന്യന്മാരായിരിക്കും. മറ്റുള്ളവരുടെ ഇടയിൽ എത്ര മാന്യനായിട്ട് എന്തു കാര്യം, സ്വന്തം കുടുംബത്തോട് നീതിയും മാന്യതയും പുലർത്തിയില്ലെങ്കിൽ? അത്തരക്കാരുടെ സ്വഭാവ സംസ്കരണത്തിന് ഇത്തരം ലേഖനങ്ങൾ പ്രയോജനപ്പെടും.

**സീനത്ത് മുഹമ്മദലി, മാടവന-അത്താണി**

# വിനാശകാലേ വിപരീതബുദ്ധി

**'ആത്മഹത്യക്കില്ല,** പ്രബോധനം മതി', 'മുസ്‌ലിം തീവ്രവാദത്തിന്റെ ജനിതക പ്രശ്നങ്ങൾ' എന്നീ ലേഖനങ്ങൾ ശ്രദ്ധേയമായി (ലക്കം 46).

ഇസ്‌ലാമിൽ പ്രബോധനത്തിന്റെ പ്രാധാന്യത്തെ ഈ ലേഖനങ്ങൾ എടുത്തു പറയുന്നു. ഇസ്‌ലാമിൽ പിറന്നു വീണവർക്ക് ഇസ്‌ലാം എന്തെന്ന് മനസ്സിലാക്കാനും അമുസ്‌ലിംകൾക്ക് ഇസ്‌ലാമിനെക്കുറിച്ചറിയാൻ അവസരമൊരുക്കാനും പ്രബോധനം കൊണ്ടേ കഴിയൂ. ഇസ്‌ലാം ഭീകരത ഉൽപാദിപ്പിക്കുന്ന മതമാണ് എന്ന പ്രതീതിയാണ് ഇന്ന് മാധ്യമങ്ങളും മറ്റും നൽകുന്നത്. പ്രശസ്ത ഇസ്‌ലാമിക പ്രബോധകനായ ശൈഖ് യൂസുഫ് എസ്റ്റസ് ക്രിസ്ത്യാനിയായിരുന്നു. വളരെ യാദൃഛികമായാണ് അദ്ദേഹം ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കിയത്. മുസ്‌ലിമാകുന്നതിന് മുമ്പ് ഇസ്‌ലാമിനെക്കുറിച്ചുള്ള ധാരണ എന്തായിരുന്നുവെന്ന് അദ്ദേഹം എഴുതുന്നു: "മുസ്‌ലിംകൾ എന്നാൽ അവിശ്വാസികളും ഭീകരപ്രവർത്തകരും അപരിഷ്കൃതരുമായ ഒരു പ്രാകൃത ജനവിഭാഗമാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. ക്രിസ്തുമത പ്രചാരകർ ഞങ്ങളെ പഠിപ്പിച്ചിരുന്നത് അങ്ങനെയായിരുന്നു." അദ്ദേഹത്തിന് ബിസിനസ് സംബന്ധമായി ബന്ധപ്പെടേണ്ടിവന്ന ഒരു ഈജിപ്തുകാരനിൽനിന്നാണ് ഇസ്‌ലാമിനെക്കുറിച്ച് ശരിയായി മനസ്സിലാക്കാൻ സാധിച്ചതത്രെ.

പ്രബോധനത്തിന്റെ അനിവാര്യതയും അനന്തര ഫലവുമാണ് ഇത് സൂചിപ്പിക്കുന്നത്. പ്രവാചകന്മാർ നിയോഗിക്കപ്പെടുന്നത് സർവ മനുഷ്യർക്കും വേണ്ടിയാണ്. ദൈവേകത്വമാണ് എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തത്. ഏകദൈവവിശ്വാസം എല്ലാ മതങ്ങളിലുമുണ്ട്. എന്നാൽ ഇസ്‌ലാമേതര മതങ്ങളിൽ സത്യമേത്, മിഥ്യയേത് എന്ന് തിരിച്ചറിയാൻ സാധിക്കാത്തവിധം ആകെ കുഴഞ്ഞുമറിഞ്ഞ അവസ്ഥയിലാണെന്ന് മാത്രം. ഹൈന്ദവ ഗ്രന്ഥങ്ങളിൽ ഏകദൈവത്തെ വാഴ്ത്തുന്ന ആയിരക്കണക്കിന് ശ്രുതികളുണ്ട്. അതോടൊപ്പം തന്നെ അനേകം ബഹുദൈവ സ്തുതികളും കടന്നുവരുന്നു. അതുകൊണ്ട് സത്യാന്വേഷികൾ ചിന്താകുഴപ്പത്തിലാകുന്നു. എന്നാൽ എല്ലാ പ്രവാചകന്മാരുടെയും മതത്തിന്റെ അടിസ്ഥാനം ഏകദൈവത്വമാണെന്ന് ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. എല്ലാ മതങ്ങളിലുമുള്ള സത്യാന്വേഷികൾക്ക് പ്രിയപ്പെട്ട ഗ്രന്ഥമായി അങ്ങനെ ഖുർആൻ മാറുന്നു. ഏകദൈവം എന്ന ആശയം നേരത്തേതന്നെ ഈ മതങ്ങളുടെ ഗ്രന്ഥങ്ങളിൽ ഉള്ളതുകൊണ്ട് ആർക്കും ഇസ്‌ലാമിനോട് ശത്രുത തോന്നേണ്ട കാര്യവുമില്ല. അനേകം പ്രവാചകന്മാരെ അംഗീകരിക്കുന്ന ഖുർആന്റെ കാഴ്ചപ്പാട് തന്നെയാണ് തനിക്കുമുള്ളതെന്ന് ഗുരു നിത്യചൈതന്യയതി എഴുതുന്നു: "ഇസ്‌ലാമിനോട് എനിക്കുള്ള പരമമായ ബഹുമാനം അത് യാതൊരു തരത്തിലുള്ള പ്രലോഭനത്തിനും വഴങ്ങി അസത്യജൽപനം ചെയ്യുന്നില്ല എന്നതാണ്. 'അല്ലാഹു' എന്നതിനേക്കാൾ ഹൃദ്യവും സത്യസന്ധവും ദാർശനിക ശുദ്ധിയുള്ളതുമായ വേറെ ഒരു ദൈവ വിവക്ഷയുമില്ല" (*ദൈവം പ്രവാചകനും പിന്നെ ഞാനും*, പേജ് 56).

യഥാർഥത്തിൽ എല്ലാവിധ മതസങ്കുചിതത്വങ്ങൾക്കുമതീതമാണ് ഇസ്‌ലാം. ഖുർആൻ മുസ്‌ലിംകൾക്ക് മാത്രമുള്ള വേദമാണെന്ന തെറ്റിദ്ധാരണയിൽ നിന്നാണ് തീവ്രവാദ ആശയങ്ങൾ ഉടലെടുക്കുന്നത്. ഇസ്‌ലാമിനെ സ്വയം അറിയുകയും തനതു രൂപത്തിൽ സഹോദര സമുദായങ്ങൾക്കെത്തിക്കുകയും ചെയ്യുക എന്നതാണ് മുസ്‌ലിംകളുടെ പ്രാഥമിക കടമ. അതിന് മുമ്പ് 'ജിഹാദു'മായി ചാടിപ്പുറപ്പെടുന്നത് മിതമായി പറഞ്ഞാൽ 'വിനാശകാലേ വിപരീതബുദ്ധി'.

**വിനോദ് കുമാർ എടച്ചേരി**

# ഭൗതിക ദർശനങ്ങളുടെ കാലം കഴിഞ്ഞു

**കാലാവസ്ഥാ** വ്യതിയാനം, ഭക്ഷ്യവിതരണത്തിലെ അസന്തുലിതത്വം, കൃഷി-ധാന്യ വിഭവങ്ങളുടെ കുത്തകവത്കരണം തുടങ്ങി ആഗോള ഭക്ഷ്യ പ്രതിസന്ധിയുടെ കാരണങ്ങൾ ഏതെടുത്ത് പരിശോധിച്ചാലും അവ ചില പ്രത്യയശാസ്ത്ര നിലപാടുകളുമായി ബന്ധപ്പെട്ടതാണെന്ന് കാണാം. കഴിഞ്ഞ ദശകങ്ങളിലെ അധികാരികളുടെ നയനിലപാടുകളാണ് ഭക്ഷ്യകമ്മിക്ക് കാരണമായതെന്ന് എഫ്.എ.ഒ ഡയറക്ടർ തന്നെ പറഞ്ഞിട്ടുണ്ട്. ഭക്ഷ്യ പ്രതിസന്ധി വിശകലനം ചെയ്യുമ്പോൾ ഈ വശം ഊന്നിപ്പറയേണ്ടതുണ്ട്. പട്ടിണി മാറ്റാൻ ഭൗതിക ദർശനങ്ങൾക്കാവില്ലെന്നാണ് തെളിഞ്ഞിരിക്കുന്നത്. ഭൗതികതയിൽ അന്തർലീനമായ അടിസ്ഥാന തകരാറുകൾ പൊടിക്കൈ ചികിത്സ കൊണ്ടൊന്നും നേരെയാവാൻ പോകുന്നില്ല.

ആഗോളവത്കരണം പ്രഖ്യാപിത നയമാവുന്നതിന് മുമ്പ് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം 30 ഇരട്ടിയായിരുന്നു. 1997ന് ശേഷം അത് 74 ഇരട്ടിയായി വർധിച്ചു. ആഗോളവത്കരണത്തിന് ഗതിവേഗം കൂടിയ 1977നും '95നും ഇടയിൽ ബഹുരാഷ്ട്ര കമ്പനികളുടെ എണ്ണം 7,000ത്തിൽനിന്ന് 40,000 ആയി ഉയർന്നു. ലോകത്തിലെ ഏറ്റവും മികച്ച അഞ്ച് കോർപറേറ്റ് കമ്പനികളുടെ മാത്രം വരുമാനം 46 അവികസിത രാഷ്ട്രങ്ങളുടെ മൊത്തം വരുമാനത്തിന് തുല്യമാണ്. പത്തു ശതമാനത്തിന്റെ കൈയിലാണ് ലോക ആസ്തിയുടെ 85 ശതമാനവും.

ഭൂമിയെ നരകമാക്കുന്ന ഇത്തരം പൈശാചികതകൾക്ക് ജന്മം നൽകുന്ന ഭൗതിക പ്രത്യയശാസ്ത്രങ്ങളെ അകം കീറി പരിശോധിക്കേണ്ട സമയമായിരിക്കുന്നു. ശുദ്ധ വായുവും ശുദ്ധ ജലവും പോലും നിഷേധിച്ചുകൊണ്ടിരിക്കുന്ന ഭൗതിക ദർശനങ്ങളുടെ കാലം കഴിഞ്ഞെന്ന് ലോകം മനസ്സിലാക്കാൻ പോകുന്നു.

**മജീദ് കുട്ടമ്പൂർ**